# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ഒക്ടോബർ 31, വ്യാഴം

**നമ്പർ 185**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം :**

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിലും പരീക്ഷാ നടത്തിപ്പിലും ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയതായി പറയപ്പെടുന്ന ഇടപെടലുകൾമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

**ശ്രദ്ധ ക്ഷണിക്കൽ :**

(1) കൊച്ചി നഗരത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ജോൺ ഫെർണാണ്ടസ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനങ്ങൾ ആധുനികവൽക്കരിക്കേണ്ടതിന്റെയും ശക്തിപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. എ. പി. അനിൽ കുമാർ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1247/2019 (i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | തൊഴിയൂർ സുനിൽ കുമാർ കൊലപാതകക്കേസ് | മുഖ്യമന്ത്രി |
| 2 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. സജി ചെറിയാൻ | പ്രളയബാധിതർക്കുള്ള നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പുരുഷൻ കടലുണ്ടി | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കര ഡാം സംരക്ഷണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. വിജയദാസ് | പാമ്പൻകോട് എസ്.ടി. കോളനി നിവാസികളുടെ പുനരധിവാസം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടിയിൽ റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ദാസൻ | കടൽ തീരത്ത് താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 10 | ശ്രീ. യു. ആർ. പ്രദീപ് | എളനാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റൂളിംഗിന്റെ അടിസ്ഥാനത്തിൽ മേശപ്പുറത്തുവച്ച പ്രസ്താവന</u> :

നിയമസഭ പാസ്സാക്കിയ നിയമങ്ങളനുസരിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് ബഹു. സ്പീക്കർ 12-6-2019-ൽ പുറപ്പെടുവിച്ച റൂളിംഗിന്റെ അടിസ്ഥാനത്തിലുള്ള പ്രസ്താവന സബ്ജക്ട് കമ്മിറ്റികളുടെ അദ്ധ്യക്ഷന്മാർ മേശപ്പുറത്ത് വച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u> :

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷൻ ശ്രീ. ബി. സത്യൻ സമർപ്പിച്ചു.

<u>നിയമസഭായോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം</u> :

പതിനാറാം സമ്മേളനകാലയളവിൽ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. തോമസ് ചാണ്ടി എന്നിവർ സമർപ്പിച്ചിരുന്ന അപേക്ഷ ബഹു. സ്പീക്കർ സഭയിൽ വായിച്ചു. ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നൽകി.

<u>നിയമനിർമ്മാണകാര്യം</u> :

1. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. ദാസനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. പി. സജീന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. എസ്. ശിവകുമാറും അവതരിപ്പിച്ച സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയവും ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച ഭേദഗതിയും സഭ തള്ളി. ശ്രീ. കെ. ദാസൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കുകയും 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2. മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച സംസാരിച്ചു. ശ്രീ. എം. വിൻസെന്റ് നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. പി. ഉബൈദുള്ളയും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ശ്രീ. പി. ഉണ്ണി ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. ആർ. രാജേഷും അവതരിപ്പിച്ച സംസാരിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നല്കി. ഓർഡിനൻസ് നിരാകരണപ്രമേയവും ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച

ഭേദഗതിയും സഭ തള്ളി. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. എം. സി. കമറുദ്ദീൻ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. പൊതുജനാഭിപ്രായം തേടുന്നതിനായി ബിൽ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മുല്ലക്കര രത്നാകരൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. ഇ. കെ. വിജയന്റെ ഭേദഗതിയെ ശ്രീ. വി. കെ. പ്രശാന്തും പിന്തുണച്ച് സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ശ്രീ. കെ. എം. ഷാജി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ടി. വി. ഇബ്രാഹിമും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മന്ത്രി മറുപടി നല്കി. തുടർന്ന്, ബിൽ സംബന്ധിച്ച് അവതരിപ്പിച്ചിരുന്ന ഓർഡിനൻസ് നിരാകരണ പ്രമേയവും ഭേദഗതികളും സഭ തള്ളി. തുടർന്ന് പ്രമേയം സഭ അംഗീകരിക്കുകയും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2019 നവംബർ 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 5.03 -ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Sixteenth Session**

# BULLETIN— PART I

( Brief Record of Proceedings )

*Thursday, October 31, 2019*

**No. 185**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri V. D. Satheesan and three other Members regarding the serious situation reported to have arisen consequent on the alleged intervention of Minister for Higher Education in the autonomy and examination process of Universities in the State.

In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.

*Calling Attention* :

(1) Shri John Fernandez called the attention of the Minister for Local Self Government to the necessity to take steps to avert the recurring waterlogging in Kochi city. The Minister made a statement thereto.

(2) Shri A. P. Anil Kumar called the attention of the Minister for Revenue and Housing to the necessity to modernise and strengthen the disaster management system in the State. The Minister made a statement thereto.

KNPP. 1247/2019 (ii).

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | തൊഴിയൂർ സുനിൽ കുമാർ കൊലപാതകക്കേസ് | മുഖ്യമന്ത്രി |
| 2 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. സജി ചെറിയാൻ | പ്രളയബാധിതർക്കുള്ള നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പുരുഷൻ കടലുണ്ടി | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കര ഡാം സംരക്ഷണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. വി. വിജയദാസ് | പാമ്പൻകോട് എസ്.ടി. കോളനി നിവാസികളുടെ പുനരധിവാസം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടിയിൽ റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കെ. ദാസൻ | കടൽ തീരത്ത് താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 10 | ശ്രീ. യു. ആർ. പ്രദീപ് | എളനാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Statements laid on the Table regarding Ruling* :

Chairmen of the Subject Committees laid on the Table a Statement as per the Ruling of the Hon'ble Speaker on 12-6-2019 regarding the delay in issuing rules by Government pursuant to the legislations passed by the Assembly.

*Presentation of Reports* :

Shri B. Satyan, Chairman of the Committee on the Welfare of Scheduled Castes and Scheduled Tribes presented the Sixth Report of the Committee.

*Leave of Absence from sittings of the House* :

The Speaker read out the requests received from Shri N. A. Nellikkunnu and Shri Thomas chandy for leave of absence from the sittings of the Sixteenth Session as per Rule 170(1). The House granted permission for absence.

*Legislative Business* :

1. Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms introduced The Madras Hindu Religious and Charitable Endowments (Amendment) Bill, 2019 and laid the statements under rule 75(1). The Minister also moved that the Bill be referred to Subject Committee II.

Shri K. S. Sabarinadhan moved the motion to disapprove The Madras Hindu Religious and Charitable Endowments (Amendment) Ordinance, 2019 and spoke. Shri K. Dasan moved an amendment to circulate the Bill for eliciting public

opinion and Shri V. S. Sivakumar as authorised by Shri V. P. Sajeendran moved another amendment for referring the Bill to a Select Committee.

The Minister replied to the points raised during the discussion. The ordinance disapproval motion and the amendment moved by Shri V. S. Sivakumar were declared lost. The amendment moved by Shri K. Dasan was withdrawn by the leave of the House. Then the motion moved by the Minister was adopted and The Madras Hindu Religious and Charitable Endowments (Amendment) Bill, 2019 was referred to Subject Committee II—Land Revenue and Devaswoms.

2. As authorised by the Chief Minister, Shri G. Sudhakaran, Minister for Public Works and Registration introduced The Kerala Police (Amendment) Bill, 2019 and laid the statements under rule 75(1). The Minister also moved that the Bill be referred to Subject Committee XIV.

Shri Thiruvanchoor Radhakrishnan as authorised by Shri.Shafi Parambil moved the motion to disapprove The Kerala Police (Amendment) Ordinance, 2019 and spoke. Shri M.Vincent seconded the motion and spoke. Shri P. Ubaidulla as authorised by Shri Manjalamkuzhi Ali moved an amendment to circulate Bill for eliciting public opinion and Shri R. Rajesh as authorised by Shri P. Unni moved another amendment for referring the Bill to a Select Committee.

The Minister for Public Works and Registration replied to the points raised during the discussion. The ordinance disapproval motion and the amendment moved by Shri P. Ubaidulla were declared lost. The amendment moved for referring the bill to a Select Committee was withdrawn by the leave of the House. Then the motion moved by the Minister was adopted and the Bill was referred to Subject Committee XIV— Home Affairs.

3. As authorised by the Chief Minister, Shri G. Sudhakaran, Minister for Public Works and Registration introduced The Kerala Prevention of Damage to Private Property and Payment of Compensation Bill, 2019 and laid the statements under rule 75(1). The Minister also moved that the Bill be referred to Subject Committee XIV.

Shri Sunny Joseph as authorised by Shri Anwar Sadath moved the motion to disapprove The Kerala Prevention of Damage to Private Property and Payment of Compensation Ordinance, 2019 and spoke. Shri M. C. Kamaruddin seconded the motion and spoke. Shri E. K.Vijayan as authorised by Shri Mullakkara Retnakaran moved an amendment to circulate the Bill for eliciting public opinion and spoke. Shri V. K. Prasanth seconded the motion. Shri T. V. Ibrahim as authorised by Shri K. M. Shaji moved an amendment for referring the Bill to a Select Committee.

The Minister replied to the points raised during the discussion. The ordinance disapproval motion and the amendments moved were declared lost. Then the motion was adopted and the Bill was referred to Subject Committee XIV – Home Affairs .

The House adjourned at 5.03 p.m. to meet again at 9.00 a.m. on Friday November 1, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*